അതേസമയം ഒരാറാറ ഒഴിവുപോലും നികത്താതിരിക്കില്ല. നോൺ ജോയിനിംഗ് ഡ്യൂട്ടി ഒഴിവുകളും ആ ലിസ്റ്റ് ക്യാൻസൽ ചെയ്യുന്നതിനുമുമ്പ് നികത്തിയിരിക്കണം എന്നുള്ള വ്യക്തമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അങ്ങ് ഇവിടെ പറഞ്ഞകാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്.

മി. സ്പീക്കർ: ഇത് പൊതുവേ എല്ലാ ഡിപ്പാർട്ടുമെൻറുകളിലും പറയുന്ന ഒരു കംപ്ലെയിൻറാണ്. പീരിയോഡിക്കലായിട്ട് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുള്ള ഒരു സ്റ്റാൻറിംഗ് ഓർഡർ അല്ലെങ്കിൽ ഇൻസ്ട്രക്ഷൻ കൊടുത്തുകൂടേ?

ശ്രീ. ഉമ്മൻചാണ്ടി: അങ്ങനെയുണ്ട്. ഈ 100 ദിവസത്തെ പരിപാടിക്കിടയിൽ ഇരുപതിനായിരത്തോളം പോസ്റ്റുകളാണ് പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തത്. ഞങ്ങൾ മൊത്തം കണക്കുനോക്കുമ്പോൾ 97 ശതമാനവും റിപ്പോർട്ട് ചെയ്തിരുന്നു. നിയമപരമായ തടസ്സങ്ങളും മറ്റ് സാങ്കേതിക പ്രശ്നങ്ങളും ഉള്ളതു മാത്രമാണ് റിപ്പോർട്ട് ചെയ്യാതിരുന്നത്. ഇനിയും അങ്ങ് ഇവിടെ പ്രകടിപ്പിച്ച വികാരം വച്ചുകൊണ്ട് എല്ലാ ഡിപ്പാർട്ടുമെൻറിലേയും വേക്കൻസികളുടെ നിലവാരവും നിയമനങ്ങളും എല്ലാം പ്രോസസ് ചെയ്യാൻ ചീഫ് സെക്രട്ടറിക്ക് പ്രത്യേക നിർദ്ദേശം കൊടുക്കുന്നതാണ്. അതുപോലെ പ്രൊമോഷൻ നടന്നില്ലെങ്കിൽ താഴത്തെ ഗ്രേഡിൽ വേക്കൻസി ഉണ്ടാകില്ല. അതുകൊണ്ട് പ്രൊമോഷന്റെ കാര്യത്തിലും നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഡി. പി. സി. കൂടേണ്ടതിന് യഥാസമയം ഡി. പി. സി. കൂടണം, പ്രൊമോഷൻ കൊടുക്കേണ്ടവർക്ക് പ്രൊമോഷൻ കൊടുക്കണം. അങ്ങനെ ഏതെങ്കിലും വിധത്തിൽ ഒരാളെക്കൂടി നിയമിക്കാൻ സാധിക്കുമെങ്കിൽ അത് നിയമിക്കണം എന്നുള്ളതു തന്നെയാണ് ഗവൺമെൻറിന്റെ ഉദ്ദേശം. അതനുസരിച്ചുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആ നിർദ്ദേശം പാലിക്കും എന്ന് ഉറപ്പുവരുത്തുന്നതാണ്.

(2) സമരങ്ങളും പ്രകടനങ്ങളും നടത്തുന്നതിന് പ്രത്യേക സ്ഥലം കണ്ടെത്തൽ

ശ്രീ. എം. എ. ഹസ്സൻ: സർ, സെക്രട്ടേറിയറ്റും നിയമസഭയും സ്ഥിതിചെയ്യുന്ന ഈ തലസ്ഥാന നഗരിയിൽ സമരങ്ങളും പ്രകടനങ്ങളും ഇന്ന് ഒരു നിത്യസംഭവമാണ്. തലസ്ഥാനത്തെ ജനജീവിതത്തെ ദുരിതപൂർണ്ണമാക്കുന്ന ഈ സമരങ്ങളും പ്രകടനങ്ങളും നിയന്ത്രിക്കാൻ സംസ്ഥാന ഗവൺമെൻറ് ഇതിനുമുമ്പ് തീരുമാനിച്ചിട്ടുണ്ട്. കോടതി ഉത്തരവും ഉണ്ട്. ഇതിൻറെയെല്ലാം അടിസ്ഥാനത്തിൽ ഈ സഭയിൽ ഞാനടക്കം പല അംഗങ്ങളും സമരങ്ങളും പ്രകടനങ്ങളും നടത്തുന്നതിന് ഒരു പൊതുവേദി കണ്ടുപിടിക്കണമെന്ന നിർദ്ദേശം പല സന്ദർഭത്തിലും ഉന്നയിച്ചിട്ടുള്ളതാണ്.

(.....ബഹളം.....)

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്.

ശ്രീ. എം. എം. ഹസ്സൻ: എന്തിനാണ് ബഹളം ഉണ്ടാക്കുന്നത്? എനിക്ക് ഒരു സബ്മിഷൻ അനുവദിച്ചതല്ലേ? ഞാൻ തെരഞ്ഞെടുക്കപ്പെട്ട ഒരു മെമ്പറല്ലേ? എനിക്ക് പറയാൻ അവകാശമില്ലേ? ഞാൻ ഇത്

LIBRARY ARCHIVES Kerala Legislative Assembly

പറയാൻ കാരണം കർണ്ണാടക സംസ്ഥാനത്ത് ഒരു പൊതു താൽപ്പര്യ ഹർജിയുടെ അടിസ്ഥാനത്തിൽ കർണ്ണാടക ഹൈക്കോടതി നിർദ്ദേശിച്ചത് അനുസരിച്ച്. ആറ് ഏക്കർ സ്ഥലം ബാംഗ്ളൂർ നഗരിയിൽ സമരങ്ങൾക്കും പ്രകടനങ്ങൾക്കും വേണ്ടി കണ്ടെത്തി. അതിനായി ഒരു പൊതു സ്ഥലം നിശ്ചയിച്ചുകൊണ്ട് കർണ്ണാടക മുഖ്യമന്ത്രി ഉത്തരവും പുറപ്പെടുവിച്ചു. ആ ഉത്തരവ് പുറത്തുവന്നപ്പോൾ നമ്മുടെ വ്യവസായ നഗരമായ കൊച്ചിയിൽ അതിന്റെ പ്രതിഫലനമുണ്ടായി. കൊച്ചി നഗരത്തിൽ നിരന്തരമായി നടക്കുന്ന പ്രകടനങ്ങളും സമരങ്ങളും അവിടത്തെ ഗതാഗത കുരുക്കും എല്ലാം കണക്കിലെടുത്തുകൊണ്ട് കൊച്ചിയിലും സമരങ്ങളും പ്രകടനങ്ങളും നടത്താൻ ഒരു പൊതു സ്ഥലം വേണമെന്ന നിർദ്ദേശം വന്നു. സി. ഐ. ടി. യു.-വിന്റെ സംസ്ഥാന ജനറൽ സെക്രട്ടറിയും രാജ്യസഭാംഗവുമായ ശ്രീമാൻ ചന്ദ്രൻപിള്ള ഒരു പ്രസ്താവനയിലൂടെ ഇതിനെ സ്വാഗതം ചെയ്തു. അവിടത്തെ രാഷ്ട്രീയ പ്രവർത്തകരെല്ലാം അതിനോട് പ്രതികരിച്ചിരിക്കുകയാണ്. കൊച്ചി നഗരത്തിൽ അങ്ങനെ ഒരു പൊതുസ്ഥലം കണ്ടെത്താമെങ്കിൽ ഈ തലസ്ഥാന നഗരിയിലും അങ്ങനെ ഒരു സ്ഥലം കണ്ടെത്തണം. ഇത് തലസ്ഥാന നഗരിയല്ല, ഇന്ന് ഇത് ഒരു സമര നഗരിയാണ്. ജന ജീവിതം വളരെ ബുദ്ധിമുട്ടിലായിരിക്കുകയാണ്. രാഷ്ട്രീയ പ്രവർത്തകർക്കും പൊതു പ്രവർത്തകർക്കും പ്രകടനം നടത്താനും സമരം നടത്താനും അവകാശമുള്ളതുപോലെ ഈ നഗരത്തിലെ അസംഘടിതരായ പൗരൻമാർക്ക് വഴി നടക്കാനും പൗരസ്വാതന്ത്ര്യം വിനിയോഗിക്കാനുമുള്ള അവകാശം ഉണ്ടാകണം. അത് അവരുടെ മൗലീകാവകാശമാണ്. ഇത് രണ്ടും സംയോജിപ്പിക്കണം എന്നേ ഞാൻ പറയുന്നുള്ളൂ. മുമ്പ് ഞാൻ മന്ത്രിയായിരുന്ന സമയത്ത് പ്രതിപക്ഷ നേതാവ് ഉൾപ്പെടെ ഞങ്ങൾ ഒരുമിച്ച് ഇക്കാര്യം ചർച്ച ചെയ്തതാണ്. അദ്ദേഹം ആ ആശയത്തെ അന്ന് തത്വത്തിൽ അംഗീകരിച്ചു, ചർച്ച ചെയ്യാം എന്നുപറഞ്ഞു. സത്യാഗ്രഹവും സമരങ്ങളും നടത്താനായി ഒരു പൊതു സ്ഥലം.

(.....ബഹളം.....)

ഇത് സമരം നടത്തുന്ന കാര്യമാണ്. അതുകൊണ്ട് ഈ സമരങ്ങൾക്കും പ്രകടനങ്ങൾക്കും ഒരു പൊതുസ്ഥലം കണ്ടുപിടിക്കുന്നതിന് ഒരു രാഷ്ട്രീയ സമവായം വേണം. ബഹുമാനപ്പെട്ട കോടിയേരി അവിടെ ഇരിപ്പുണ്ട്, നമുക്ക് ചർച്ച ചെയ്യണം. ഈ തലസ്ഥാന നഗരിയിലെ ജനങ്ങൾ പൊറുതിമുട്ടിയിരിക്കുകയാണ്. വഴി നടക്കാൻ വയ്യ. ഒരു സമരം വന്നാൽ പോലീസ് എല്ലാ വഴികളും അടയ്ക്കുകയാണ്. നഗരം പോലീസുകാരുടെ പിടിയിലും സമരക്കാരുടെ പിടിയിലുമാണ്. അവർ നഗരം കീഴടക്കുകയാണ്. ഇവിടുത്തെ രക്തധമനിപോലെ എല്ലാ ഓഫീസുകളും ബാങ്കുകളും അതുപോലെയുള്ള പ്രധാനപ്പെട്ട സ്ഥാപനങ്ങളും സെക്രട്ടേറിയറ്റിന്റെ മുമ്പിലാണ്.

(.....ബഹളം.....)

അതുകൊണ്ട് ഇതിന് ഒരു പരിഹാരം ഉണ്ടാകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുത്ത് രാഷ്ട്രീയ പാർട്ടികളുടെ ഒരു യോഗം വിളിച്ചുകൂട്ടി ഇതിന് ഒരു സമവായം ഉണ്ടാക്കി ഒരു പൊതുസ്ഥലം കണ്ടുപിടിച്ച് നഗരവാസികൾ അനുഭവിക്കുന്ന ദുരിതത്തിന് ശാശ്വതമായ പരിഹാരം ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ലത്തീൻ കത്തോലിക്കാ ഐക്യവേദി, വ്യാപാരി വ്യവസായി ഏകോപന സമിതി, ഹ്യൂമൻ

LIBRARY ARCHIVES Kerala Legislative Assembly

റൈറ്റ്സ് പ്രൊട്ടക്ഷൻ ആൻറ് ലോക്കൽ ഏയ്ഡ് ഫോറം, മെഡിക്കൽ കോളേജ് വാർഡ് കൗൺസിലർ ശ്രീ. ടി. വി. അജിത് കുമാർ എന്നിവർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച ഒ. പി. യിൻമേൽ 28-5-2004-ൽ ഒരു പൊതുവായ വിധി ഹൈക്കോടതി പുറപ്പെടുവിക്കുക ഉണ്ടായി. പ്രസ്തുത വിധിയിൽ പാളയം മുതൽ തമ്പാനൂർ വരെയുള്ള തിരക്കേറിയ റോഡുകളിൽ പ്രവൃത്തി ദിവസങ്ങളിൽ പ്രകടനങ്ങളും ജാഥയും നടത്തുന്നത് സർക്കാർ നിരോധിക്കണമെന്ന് അഭിപ്രായപ്പെട്ടിരുന്നു. അതനുസരിച്ച് തിരുവനന്തപുരം എം. ജി. റോഡിലെ തിരക്കേറിയ ഭാഗങ്ങളിൽ കോടതി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ട്രാഫിക് തടസ്സം ഉണ്ടാക്കുന്ന പ്രകടനങ്ങളോ ജാഥയോ നടത്താൻ ആരെയും പോലീസ് അനുവദിക്കരുത് എന്ന് പ്രത്യേകം നിർദ്ദേശിച്ചിരുന്നു. ഇതുസംബന്ധിച്ച 20-10-2004-ലെ കോടതി നിർദ്ദേശം നടപ്പിൽ വരുത്തുന്നതിനായി പോലീസ് ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിരുന്നു. മേൽപ്പടി കോടതി നിർദ്ദേശത്തിന്റെയും തിരുവനന്തപുരം പ്രിൻസിപ്പൽ മുനിസിപ്പൽ കോടതിയുടെ ഉത്തരവിൻ പ്രകാരവും എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 9.30 മുതൽ 11.00 വരെയും വൈകുന്നേരം 4 മണി മുതൽ 6 മണി വരെയും എൽ. എം. എസ്. പള്ളി മുതൽ കിഴക്കേകോട്ട വരെ ജാഥകളും നിരോധിച്ചുകൊണ്ട് 16-11-2004-ന് സിറ്റി പോലീസ് കമ്മീഷണർ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ കോടതിവിധി പൂർണ്ണമായും നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും അഭിപ്രായം ആരായുന്നതിനുവേണ്ടി ആ കോടതിവിധിയുടെ പകർപ്പുസഹിതം വച്ചുകൊണ്ട് കത്ത് കൊടുത്തിരുന്നു. അതു സംബന്ധിച്ച് ആരുംതന്നെ മറുപടി തന്നിട്ടില്ല. ഇപ്പോൾ ഗവൺമെൻറിനെതിരെ കോടതിയലക്ഷ്യ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. കോടതി വിധി നടപ്പിലാക്കുന്നതു സംബന്ധിച്ച് സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് കാണിച്ചു കൊണ്ട് സ്റ്റേറ്റ്മെൻറ് കൊടുക്കാൻ ഗവൺമെൻറിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ 9-8-2005-ന് എല്ലാ രാഷ്ട്രീയ പാർട്ടി നേതാക്കൻമാരേയും ഞാൻ ഒരു യോഗത്തിന് വിളിച്ചിട്ടുണ്ട്. ഈ കോടതി വിധിയുടെ കൂടി അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിക്കണമെന്ന് എല്ലാവരുടേയും അഭിപ്രായം ആരായാൻ വേണ്ടിയാണ് യോഗം വിളിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. സാധാരണക്കാർക്ക് വളരെയേറെ ബുദ്ധിമുട്ട് ഉണ്ടാകത്തക്കവിധത്തിൽ സമരങ്ങളും പ്രകടനങ്ങളും മറ്റും നടത്തുന്നുണ്ട്. എല്ലാ രാഷ്ട്രീയ പാർട്ടികളും ജനങ്ങൾക്കു വേണ്ടിയും ജനങ്ങളുടെ നൻമയ്ക്കുവേണ്ടിയുമാണ് പ്രവർത്തിക്കേണ്ടത്. അപ്പോൾ അവരുടെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും എങ്ങനെ ലഘൂകരിക്കാൻ സാധിക്കും എന്നുള്ളതിനെക്കുറിച്ച് ഗൗരവമായ ഒരു ചിന്ത ആവശ്യമാണ്. ജനാധിപത്യത്തിൽ പ്രതിഷേധിക്കാൻ അവകാശമുണ്ട്, സമരം ചെയ്യാൻ സ്വാതന്ത്ര്യമുണ്ട്. പക്ഷെ മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തേയും അവകാശത്തേയും ചോദ്യം ചെയ്യപ്പെടാൻ പാടില്ല എന്നുള്ള വസ്തുതയും ഉണ്ട്. ഇന്ന് ജനാധിപത്യത്തിൽ സമരം ചെയ്യാനും പ്രതിഷേധം പ്രകടിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം വിനിയോഗിക്കുന്നവർ അത് മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തേയും അവകാശങ്ങളേയും ചോദ്യം ചെയ്തുകൊണ്ടിരിക്കുകയാണ്. ഞാൻ ആരെയും പ്രത്യേകിച്ച് കുറ്റപ്പെടുത്തുന്നില്ല. അക്കാര്യത്തിൽ നമ്മളെല്ലാം അതിനകത്ത് ഒരുപോലെയല്ലെങ്കിൽ ഏറ്റക്കുറച്ചിൽ ഉണ്ടെങ്കിലും കുറ്റക്കാർ തന്നെയാണ്. അതുകൊണ്ട് എല്ലാ രാഷ്ട്രീയ പാർട്ടികളും ഒരു തുറന്ന മനസ്സോടെ ഈ പ്രശ്നം കാണാൻ

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാകണം. പ്രതിഷേധിക്കാനുള്ള അവസരത്തിൽ ഒരിക്കലും കുറവു വരുത്താൻ ആഗ്രഹിക്കുന്നില്ല. സമരം ചെയ്യാനുള്ള സ്വാതന്ത്ര്യം ആരും ചോദ്യം ചെയ്യപ്പെടുന്നില്ല. പക്ഷെ മറ്റുള്ളവർക്ക് യാത്ര ചെയ്യാനുള്ള അവരുടെ അവകാശം ചോദ്യം ചെയ്യപ്പെടാതിരിക്കാനുള്ള അവസരം ഉണ്ടാകണം. അതിനുവേണ്ടി എല്ലാവരുടേയും സഹായം ഉണ്ടാകണം. 9-ാം തീയതി കൂടുന്ന കോൺഫറൻസിൽ അതിനെക്കുറിച്ച് ഒരു തുറന്ന ചർച്ച നടത്താൻ സാധിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇത് സംബന്ധിച്ചുള്ള കോടതി വിധി നേരത്തെതന്നെ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും കൊടുത്തിട്ടുണ്ട്.

(3) ഗൾഫ് മേഖലയിൽ സർവ്വീസ് നടത്തുന്ന വിമാനകമ്പനികളുടെ കൊടിയ ചൂഷണത്തിന് പരിഹാരം

ശ്രീ. ടി. എൻ. പ്രതാപൻ: സർ, പ്രവാസി മലയാളികളെ ഏറെ അലട്ടുന്ന ഒന്നാണ് അവരുടെ യാത്രാപ്രശ്നം. ഗൾഫ് മലയാളികൾ അധികവും ചുരുങ്ങിയ ശമ്പളത്തിന് ജോലി ചെയ്യുന്നവരാണ്. എയർ ഇൻഡ്യയുടേയും ഇൻഡ്യൻ എയർലൈൻസിന്റേയും വിമാനയാത്രാക്കൂലി താങ്ങാനാകാത്തതുകൊണ്ട് വല്ലപ്പോഴുമെങ്കിലും നാട്ടിൽ വന്ന് മടങ്ങാൻ അവർക്കുണ്ടായിരുന്ന അവസരം പലപ്പോഴും ഇല്ലാതാകുകയാണ്. കേരള സർക്കാരിന്റേയും വിവിധ സംഘടനകളുടേയും സമ്മർദ്ദത്തെത്തുടർന്ന് യാത്രാക്കൂലിയിൽ 15 ശതമാനം മുതൽ 50 ശതമാനം വരെ ഇളവോടുകൂടി 'എയർ ഇൻഡ്യ എക്സ്പ്രസ്സ്' എന്ന പ്രത്യേക വിമാന സർവ്വീസ് തുടങ്ങിയെങ്കിലും അവർ ഗൾഫ് യാത്രക്കാരെ തന്ത്രപരമായി കബളിപ്പിക്കുന്നതായിട്ടാണ് ഇന്ന് ഏറെ പരാതിയുണ്ടായിട്ടുള്ളത്. 'എയർ ഇൻഡ്യ എക്സ്പ്രസ്സ്' തുടങ്ങാൻ തീരുമാനിച്ചപ്പോൾത്തന്നെ എയർ ഇൻഡ്യയിലെ പ്രധാന യൂണിയനായ ശിവസേനയുടെ യൂണിയൻ ഇതിനെതിരെ ശക്തമായി പ്രതിഷേധിക്കുകയുണ്ടായി. എയർ ഇൻഡ്യ എക്സ്പ്രസ്സിന്റെ ലക്ഷ്യത്തെ തകർക്കാൻ ഉന്നതതല ഗൂഢാലോചനയും നടന്നിരുന്നതായി വാർത്തകൾ ഉണ്ടായിരുന്നു. ഇതിന്റെ അപാകത പരിഹരിക്കുന്നതിന് അടിയന്തിര നടപടിയുണ്ടാകണം. സൗദി അറേബ്യയിലാണ് ഇന്ന് ഏറ്റവും കൂടുതൽ മലയാളികൾ ഉള്ളത്. സൗദി അറേബ്യയിൽ നിന്ന് എയർ ഇൻഡ്യ എക്സ്പ്രസ്സ് തുടങ്ങാൻ വേണ്ട സൗകര്യമുണ്ടാക്കണം. ഒരു കാര്യം കൂടി പറയാനുണ്ട്. ഓണത്തിനും ഗൾഫിലെ സ്കൂളുകൾ തുറക്കുന്ന സന്ദർഭങ്ങളിലുമാണ് ഏറ്റവും കൂടുതൽ ആളുകൾ ഈ സെക്ടറിൽ യാത്ര ചെയ്യുന്നത്; പ്രത്യേകിച്ച് ആഗസ്റ്റ് മാസത്തിൽ. ഈ സാഹചര്യത്തിലാണ് ഇപ്പോൾ എയർ ഇൻഡ്യ എക്സ്പ്രസ്സിന്റെ നിരക്ക് വർദ്ധിപ്പിച്ച് തുടങ്ങിയിരിക്കുന്നത്. 3,250 രൂപയ്ക്ക് ഓണക്കാലത്ത് യാത്ര ചെയ്യാൻ പറ്റുമെന്നാണ് എയർ ഇൻഡ്യ പറയുന്നത്. 181 സീറ്റുകൾ ഉള്ളതിൽ 60 സീറ്റുകളിലേക്ക് 50 ശതമാനം ഇളവും ബാക്കി 60 സീറ്റുകളിലേക്ക് 30 ശതമാനം ഇളവും ബാക്കി വരുന്ന 61 സീറ്റിലേക്ക് 15 ശതമാനം ഇളവും ഉൾപ്പെടെ എയർ ഇൻഡ്യ എക്സ്പ്രസ്സിലെ നിരക്ക് 3,250 രൂപ മുതൽ 6,500 രൂപവരെയായി നിജപ്പെടുത്തിയിരുന്നു. ചില സീസണിൽ അതായത് ഏറ്റവും കൂടുതൽ യാത്രക്കാർ ഉള്ള സീസണിൽ 12,000 രൂപവരെ ഈടാക്കുകയാണ്. ഗൾഫ് യാത്രക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി അടിയന്തിരമായ ഇടപെടൽ മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly